കയർ വ്യവസായത്തെ സംബന്ധിച്ച് കേന്ദ്രപഠനസംഘം സമർപ്പിച്ച ശുപാർശകൾ

1260. [1724] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. കേശവൻ :
ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തെ സംബന്ധിച്ച് കേന്ദ്ര പഠനസംഘം സമർപ്പിച്ച ശുപാർശകൾ എന്തെല്ലാം ;

(ബി) ഇതിൽ ഏതെല്ലാം ഇതിനകം നടപ്പാക്കിയിട്ടുണ്ട് ;

(സി) ശുപാർശകൾ പരിപൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ശ്രീ. ബി. ശിവരാമന്റെ നേതൃത്വത്തിൽ നിയമിതമായ പഠന സംഘം സമർപ്പിച്ച റിപ്പോർട്ടിൽ 129-ൽ പരം വിലയിരുത്തലുകൾ/നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു ഇവയിൽ പ്രധാനപ്പെട്ട ശുപാർശകൾ താഴെ പറയുന്നവയാണ്:

(1) തൊണ്ട് ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് വേണ്ടത്ര കൊണ്ടു പോകുന്നതിന് സഹായിക്കുന്നതിന് തൊണ്ടുനിയന്ത്രണം എടുത്തു കളയണം

(2) ലെവി സമ്പ്രദായവും ഇരട്ടവില സമ്പ്രദായവും നടപ്പിൽ വരുത്താൻ നിയമപരമായി കഴിയാത്തപക്ഷം വില നിയന്ത്രണം എടുത്തു കളയണം. അങ്ങനെ ചെയ്താൽ കയർ സംഘങ്ങൾക്ക് ആവശ്യമുള്ള തൊണ്ട് പൊതു വിപണിയിൽ നിന്ന് ശേഖരിക്കാൻ കഴിയും.

(3) കയറിന്റെ വില സ്ഥിരപ്പെടുത്തുകയും ഉല്പാദനം നല്ല നിലവാരത്തിലെത്തിക്കുകയും ചെയ്യുക.

(4) കേന്ദ്രീകൃത മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

(5) വെറ്റ് ഫൈബറിൽ നിന്നും കയർ ഉണ്ടാക്കുന്നതിനുവേണ്ടി യന്ത്രവൽക്കരണം ആവശ്യമില്ല.

(ബി) (1) ലെവി സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കയർ സഹകരണമേഖലയിൽ വിൽപനക്കായി അപ്പെക്സ് സൊസൈറ്റി സ്ഥാപിക്കുകയുണ്ടായി

(3) കയറിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കോം ഓപ്പറേറ്റീവൈസേഷൻ സ്കീം അനുസരിച്ച് സംഘങ്ങൾക്ക് പരിഷ്കരിച്ച ഉപകരണങ്ങൾ നൽകുന്നതിനും കയർബോർഡുവഴി കയർ മാർക്ക് സ്കീം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കയർ വ്യവസായത്തിന് അനിവാര്യമായ പ്രധാനപ്പെട്ട ശുപാർശകൾ എല്ലാം തന്നെ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly